''ഭരണഭാഷ - മാതൃഭാഷ''

വളരെ അടിയന്തിരം
സമയബന്ധിതം

# വ്യാവസായിക പരിശീലന വകുപ്പ്
## (കേരള സംസ്ഥാനം)

നമ്പർ: ജി1/6661/16(1) ചാക്ക, തിരുവനന്തപുരം
തീയതി: 06.08.2016

**ചുറ്ററിയിപ്പ്**

വിഷയം:- വ്യാവസായിക പരിശീലന വകുപ്പ്- അഖിലേന്ത്യാ ട്രേഡ് ടെസ്റ്റ് ജൂലൈ 2016 - 3-8-2016 ന് നടത്തിയ ഇലക്ട്രീഷ്യൻ, ഇലക്ട്രോ പ്ലേറ്റർ, ലിഫ്റ്റ് മെക്കാനിക്ക് എന്നീ ട്രേഡുകളുടെ മൂന്നാം സെമസ്റ്ററിന്റെ എഞ്ചിനീയറിംഗ് ഡ്രായിംഗ് പരീക്ഷകൾ (പേപ്പർ III) റദ്ദ് ചെയ്തെന്നും ടി പരീക്ഷ 11-8-2016 ന് വീണ്ടും നടത്തുമെന്നുമുള്ള അറിയിപ്പ് - സംബന്ധിച്ച്.

സൂചന:- ഡി.ജി.റ്റി.യിൽ നിന്നുള്ള MSDE-18011/08/Sem/July/2016 – TTC(Part) നമ്പരായുള്ള 5-8-2016 ലെ കത്ത്.

----------

സൂചനയിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. 3-8-2016 ന് (ബുധനാഴ്ച) രാവിലെ നടത്തിയ അഖിലേന്ത്യാ മൂന്നാം സെമസ്റ്ററിന്റെ ഇലക്ട്രീഷ്യൻ, ഇലക്ട്രോ പ്ലേറ്റർ, ലിഫ്റ്റ് മെക്കാനിക്ക് എന്നീ ട്രേഡുകളുടെ എഞ്ചിനീയറിംഗ് ഡ്രായിംഗ് വിഷയത്തിന്റെ (പേപ്പർ III) ചോദ്യപേപ്പറിലെ ചോദ്യങ്ങൾ സിലബസിന് പുറത്ത് നിന്നായതിനാൽ ടി പരീക്ഷ റദ്ദ് ചെയ്തതായും ടി ട്രേഡുകളുടെ ടി വിഷയത്തിന്റെ പുനപരീക്ഷ **11-8-2016 ന്** രാവിലെ 10 മണി മുതൽ നടക്കുന്നതാണെന്നും ഡി.ജി.റ്റി.സൂചന പ്രകാരം അറിയിച്ചിരിക്കുന്നു (കത്തിന്റെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു). 3-8-2016 ൽ ടി ട്രേഡുകളിലേക്ക് നടത്തിയ എഞ്ചിനീയറിംഗ് ഡ്രായിംഗ് പരീക്ഷ റദ്ദ് ചെയ്തെന്നും പുനപരീക്ഷ 11-8-2016 ന് മുമ്പ് പരീക്ഷ എഴുതിയ സെന്ററുകളിൽ വച്ച് രാവിലെ 10 മണി മുതൽ നടക്കുമെന്നുമുള്ള വിവരങ്ങൾ തങ്ങളുടെ സ്ഥാപനത്തിൽ നിന്നും ടി ട്രേഡുകളിൽ പരീക്ഷ എഴുതിയ എല്ലാ ട്രെയിനികളെയും അതത് സ്ഥാപനമേധാവികൾ അടിയന്തിരമായി അറിയിക്കേണ്ടതാണ്. കൂടാതെ 11-8-2016 ന് രാവിലെ 10 മണിക്ക് ഹാൾടിക്കറ്റുമായി ഹാജരായി പരീക്ഷ എഴുതണമെന്നും അറിയിക്കേണ്ടതാണ്. ആയതിൽ വീഴ്ച വരുത്താൻ പാടുള്ളതല്ല.

ചീഫ് സൂപ്രണ്ട്മാർ ടി വിവരം ബന്ധപ്പെട്ട ട്രെയിനികളെ അറിയിക്കേണ്ടതും പരീക്ഷാ കേന്ദ്രങ്ങളിൽ ടി വിവരം വേണ്ടത്ര പ്രാധാന്യത്തോടു കൂടി പ്രദർശിപ്പിക്കേണ്ടതുമാണ്.

ബന്ധപ്പെട്ട ഐ.ടി.മാർ ടി വിഷയത്തിൽ ആവശ്യമായ മേൽനോട്ടം വഹിക്കേണ്ടതാണ്.

ട്രെയിനിംഗ് ഡയറക്ടർക്കു വേണ്ടി

ഉള്ളടക്കം:- ടി

എല്ലാ ഗവ./ എസ്.സി.ഡി.ഡി./എസ്.റ്റി.ഡി.ഡി./സ്വകാര്യ
ഐ.ടി.ഐ പ്രിൻസിപ്പാൾമാർക്കും

പകർപ്പ്:-
1. എല്ലാ ഐ.ടി. മാർക്കും
2. എല്ലാ ചീഫ് സൂപ്രണ്ട്മാർക്കും (നോഡൽ പ്രിൻസിപ്പാൾ മുഖാന്തിരം)
3. വകുപ്പ് വെബ്സൈറ്റിലേക്ക്

എസ്സ്/06.08

-184Al-

No. MSDE-18011/06/Sem./July/2016-TTC (Part)
GOVERNMENT OF INDIA
MINISTRY OF SKILL DEVELOPMENT ENTREPRENEURSHIP
DIRECTORATE GENERAL OF TRAINING

Shram Shakti Bhawan, Rafi Marg,
New Delhi, Dated 05th Aug, 2016

1. All the State Directors (Dealing with Craftsmen Training Scheme).
2. The Principal, NVTI-Noida and RVTIs-Mumbai, Bangalore, Trivandrum, Panipat, Kolkata, Tura, Indore, Allahabad, Jaipur, Patna, Agaratala, Shimla, Mohali, Trichy and Vadodara

**Subject: - Re-Exam of Engineering Drawing Paper-III, Semester-III, Trade Electrician/ Electroplater / Lift Mechanic for All India Trade Test (AITT) under CTS to be held on 11.08.2016 at 10:AM-regarding.**

Sir,

We have received a mail and on telephone from some States that the question paper of Engineering Drawing Paper-III, Semester-III, Trade Electrician/ Electroplater / Lift Mechanic held on 3rd August, 2016, is out of syllabus. Accordingly, it has been found correct and cancelled in all over India. The new schedule of exam is given as under:-

| Date | Time of commencement | Semester | Name of subject |
|---|---|---|---|
| 11.08.2016 | 10:AM | IIIrd | Engineering Drawing |

In view of above, you are requested to make all the arrangements for smooth conducting the exam of Engineering Drawing on 11th August, 2016. The question paper will be supplied by e-mail with protected password to all the State Directors and distribute the same after multiplication to the students.

Yours faithfully

5/8/2016

(M.C. Sharma)
Director